# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2287

**ചോദ്യം**

ശ്രീ.ബി.ഡി. ദേവസ്സി

**മറുപടി**

ശ്രീ.തോമസ് ഐസക്ക്

ധനകാര്യവും കയറും വകുപ്പ് മന്ത്രി

### വനമേഖലകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്രത്യേക അനുമതി

| ചോദ്യം | മറുപടി |
|---|---|
| തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം ഉപയോഗിച്ച് വനമേഖലകളിൽ വികസന നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി വനസംരക്ഷണ സമിതികൾക്ക് പ്രത്യേക അനുമതി നൽകുന്നതിന് ധനകാര്യ വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വ്യക്തമാക്കുമോ? | പ്രാദേശിക സർക്കാരുകൾക്ക് സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം അനുവദിക്കുന്ന തുക ചെലവഴിക്കുന്നതിനുള്ള അനുമതി നൽകുക മാത്രമാണ് ധനകാര്യ വകുപ്പ് ചെയ്യുന്നത്. എന്നാൽ ഈ ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച മാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിക്കുന്നത് തദ്ദേശ സ്വയം ഭരണ വകുപ്പാണ്. ആകയാൽ ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ ഭാഗത്ത് നിന്നും നടപടികൾ ആവശ്യമുള്ളതായി തോന്നുന്നില്ല. |

**സെക്ഷൻ ഓഫീസർ**